Mathrubhumi 21-02-19, p-14



# ചൊവ്വയുടെ ദിവസേനയുള്ള കാലാവസ്ഥാ റിപ്പോർട്ടുമായി ഇൻസൈറ്റ് ലാൻഡർ

▶ചൊവ്വാഗ്രഹത്തിലെ ഓരോ ദിവസത്തെയും കാലാവസ്ഥ എന്തെന്ന് ഇനി അറിയാം.നാസയുടെ ഇൻസൈറ്റ് ലാൻഡർ ആണ് ചുവന്ന ഗ്രഹമായ ചൊവ്വയിലെ ഓരോ ദിവസത്തെയും കാലാവസ്ഥാ അറിയിപ്പുകൾ അയക്കുന്നത്.

നാസയുടെ ജെറ്റ് പ്രോപ്പുലേഷൻ ലബോറട്ടറി ഓൺലൈനിൽ ഇത് പോസ്റ്റ് ചെയ്യുകയും ചെയ്തു. ചൊവ്വയിലെ കൂടിയതാപനില, കുറഞ്ഞതാപനില, കാറ്റിന്റെ വേഗം, അന്തരീക്ഷ മർദം തുടങ്ങിയവയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഓക്സിലറി പേലോഡ് സബ്സിസ്റ്റം (എ.പി.എസ്.എസ്.) എന്നുപേരുള്ള ഒരുകൂട്ടം സെൻസറുകൾ വഴിയാണ് ഇൻസൈറ്റ് കാലാവസ്ഥാ റിപ്പോർട്ടുകൾ അയക്കുന്നത്.

ചൊവ്വയിലെ ഓരോ ദിവസത്തെയും ഡേറ്റകൾ റെക്കോഡ് ചെയ്താണ് അറിയിപ്പുകൾ ഭൂമിയിലേക്ക് അയക്കുന്നത്.